**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 328** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ. അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ഐ.എസ്.ഒ. അംഗീകാരം നേടാനായിട്ടുണ്ടോ; എങ്കിൽ ഇവയുടെ അംഗീകാരം തുടർന്നും നിലനിർത്തുന്നതിനായി എന്തെല്ലാം സേവന, ശാക്തീകരണ, ആധുനികീകരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 939 ഗ്രാമപഞ്ചായത്തുകൾക്കും എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, എന്നീ 7 ജില്ലാ പഞ്ചായത്തുകൾക്ക് ISO അംഗീകാരമുണ്ട്.കേരളത്തിലെ എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും അതിനായി കില യെ കൺസൾട്ടൻസിയായി അംഗീകരിക്കുന്നതിനും അനുമതിനൽകുന്ന വിഷയം സർക്കാർപരിശോധിച്ചു വരുന്നു. ഇടമലക്കുടി, തലവടി എന്നീ 2 ഗ്രാമപഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം ISO അംഗീകാരം ലഭിച്ചിട്ടില്ല.പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, എന്നീ ജില്ലകൾ ISO അംഗീകാരം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമ്പൂർണ്ണ ഗുണമേന്മ സംവിധാനം നടപ്പിലാക്കികൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതി രഹിതമായും പൊതുജനങ്ങൾക്ക് നൽകി അവ തുടർച്ചയായി മെച്ചപ്പെടുത്തി, മാതൃകാ സ്ഥാപനമായി നിലകൊള്ളുക എന്ന നയം മുൻനിർത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കഴിയുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) എന്ന ഏകീകൃത സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. പൊതു ജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും പ്രാപ്തമാകത്തക്കവിധത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ട്രൈനിംഗ് നൽകിവരുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം സമയബന്ധിതവും അഴിമതിരഹിതവുമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | സേവനങ്ങൾ അഴിമതി രഹിതവും, സുതാര്യവുമായ രീതിയിൽ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) എന്ന ഏകീകൃത സോഫ്റ്റ് വെയർ ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 309 ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുള്ളത്. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) വിന്യസിച്ച ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, നികുതിയും ഫീസുകളും അടവാക്കുന്നതിനും, സേവനം കൈപ്പറ്റുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമത, സേവനങ്ങളുടെ വേഗത എന്നിവ വർദ്ധിപ്പിക്കുന്നതിനും നടപടി ക്രമങ്ങളിലെ ലഘൂകരണവും വകുപ്പിലെ ജീവനക്കാരുടെ മനോഭാവത്തിലെ മാറ്റവും ആവശ്യമാണെന്ന് കണ്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 16/05/2018 ൽ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാടിസ്ഥാനത്തിലും ഓഫീസ് തലത്തിലും പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സമയബന്ധിതമായിസേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുതകുന്നവിധത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട് ആയതിൽ ബ്ലോക്ക് പഞ്ചായത്തോഫീസിൽലഭ്യമാകുന്ന സേവനങ്ങൾ,സേവനം ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ, സേവനം ലഭ്യമാക്കേണ്ട സമയപരിധി എന്നിവ കൃത്യമായിരേഖപ്പെടുത്തിയിട്ടുണ്ട്. സേവനങ്ങൾ അഴിമതിരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ നിശ്ചിത ഇടവേളകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് , എ.ജി |

| | | | |
|---|---|---|---|
| | | | (ലോക്കൽ ബോഡി ) ഓഡിറ്റ് ,പെർഫോമൻസ് ഓഡിറ്റ് എന്നിവ നടത്തിവരുന്നു. നഗരസഭകളിൽ നിന്നും ഓൺലൈൻ സംവിധാനം മുഖേന ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഓൺലൈൻ മുഖാന്തിരം അടവാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകുന്നതിന് IBPMS മുഖേന പൊതുജനങ്ങൾക്ക് സുതാര്യമായ രീതിയിൽ വേഗത്തിൽ സേവനം ലഭ്യമാകുന്നുണ്ട്. സിറ്റിസൺ പോർട്ടൽ പ്രാവർത്തികമായതോടെ പൊതുജനങ്ങൾ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഓൺലൈൻ മുഖാന്തിരം സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനം നഗരസഭകളിൽ ഒരുക്കിയിട്ടുണ്ട്. |
| (സി) | പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സിറ്റിസൺ പോർട്ടൽ വഴി ലഭിക്കുന്ന പ്രധാന സേവനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | (സി) | സിറ്റിസൺ പോർട്ടൽ വഴി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും ഓൺലൈൻ ആയി തന്നെ ആയതിന്റെ ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. സിറ്റിസൺ പോർട്ടൽ വഴി ലഭ്യമാക്കുന്ന 213 സേവനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

| Sl.No. | Major Function malayalam | Sub function Malayalam | Minor Funcion Malayalam |
|---|---|---|---|
| 1 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | ജനനം - പുതിയ രജിസ്ട്രേഷൻ |
| 2 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | നിർജ്ജീവ ജനന രജിസ്ട്രേഷൻ |
| 3 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | ജനനം - തിരുത്തലുകൾക്ക് വേണ്ടിയുള്ള അപേക്ഷ |
| 4 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | ജനനം - പേര് ചേർക്കലിനുള്ള അപേക്ഷ |
| 5 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | ജനനം - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 6 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ജനന രജിസ്ട്രേഷൻ | ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 7 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | മരണ രജിസ്ട്രേഷൻ | മരണം - പുതിയ രജിസ്ട്രേഷൻ |
| 8 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | മരണ രജിസ്ട്രേഷൻ | മരണം- തിരുത്തലുകൾക്ക് വേണ്ടിയുള്ള അപേക്ഷ |
| 9 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | മരണ രജിസ്ട്രേഷൻ | മരണം - നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 10 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | മരണ രജിസ്ട്രേഷൻ | മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 11 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | പൊതു വിവാഹ രജിസ്ട്രേഷൻ | പൊതു വിവാഹം - പുതിയ രജിസ്ട്രേഷൻ |
| 12 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | പൊതു വിവാഹ രജിസ്ട്രേഷൻ | പൊതു വിവാഹം – തിരുത്തലുകൾക്ക് വേണ്ടിയുള്ള അപേക്ഷ |
| 13 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ഹിന്ദു വിവാഹ രജിസ്ട്രേഷൻ | ഹിന്ദു വിവാഹം – പുതിയ രജിസ്ട്രേഷൻ |
| 14 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ | ഹിന്ദു വിവാഹ രജിസ്ട്രേഷൻ | ഹിന്ദു വിവാഹം - തിരുത്തലുകൾക്ക് വേണ്ടിയുള്ള അപേക്ഷ |
| 15 | സാക്ഷ്യപത്രങ്ങൾ – ഓൺലൈൻ (ജനനം, മരണം, വിവാഹം ) | ജനന സർട്ടിഫിക്കറ്റ് | ജനന സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യുക |
| 16 | സാക്ഷ്യപത്രങ്ങൾ – ഓൺലൈൻ (ജനനം, മരണം, വിവാഹം ) | മരണ സർട്ടിഫിക്കറ്റ് | മരണ സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യുക |
| 17 | സാക്ഷ്യപത്രങ്ങൾ – ഓൺലൈൻ (ജനനം, മരണം, വിവാഹം ) | പൊതു വിവാഹ സർട്ടിഫിക്കറ്റ് | പൊതു വിവാഹ സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യുക |
| 18 | സാക്ഷ്യപത്രങ്ങൾ – ഓൺലൈൻ (ജനനം, മരണം, വിവാഹം ) | ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ് | ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യുക |

| | | | |
|---|---|---|---|
| 19 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - ഉടമസ്ഥാവകാശ / താമസ സാക്ഷ്യപത്രങ്ങൾ | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 20 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - ഉടമസ്ഥാവകാശ / താമസ സാക്ഷ്യപത്രങ്ങൾ | താമസ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 21 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - ഉടമസ്ഥാവകാശ / താമസ സാക്ഷ്യപത്രങ്ങൾ | താൽകാലിക താമസ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (സ.ഉ(എം.എസ്) ന ം.170/2016/തസ്വഭവ പ്രകാരം) |
| 22 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - ഉടമസ്ഥാവകാശ / താമസ സാക്ഷ്യപത്രങ്ങൾ | താത്കാലിക താമസ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (സ.ഉ(കൈ) നം.22/2004/മ.ഉ.വ, സർക്കുലർ നം.48296/ആർ,എ1/2009/തസ്വഭവ എന്നിവ പ്രകാരം ) |
| 23 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - മറ്റുള്ള സാക്ഷ്യപത്രങ്ങൾ | കെട്ടിടത്തിൻറെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 24 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - മറ്റുള്ള സാക്ഷ്യപത്രങ്ങൾ | അസസ്സ്മെൻറ് രജിസ്റ്ററിലെ കെട്ടിടത്തിൻറെ വിവരങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 25 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - മറ്റുള്ള സാക്ഷ്യപത്രങ്ങൾ | വസ്തുനികുതി ഒഴിവാക്കിയത് സംബന്ധിച്ച സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 26 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | കെട്ടിടങ്ങൾ - മറ്റുള്ള സാക്ഷ്യപത്രങ്ങൾ | കെട്ടിടത്തിന് വസ്തുനികുതി ചുമത്തിയിട്ടില്ലെന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 27 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | ബി.പി.എൽ. സാക്ഷ്യപത്രം | ബി. പി. എൽ. പട്ടികയിൽ ഉൾപ്പെട്ടവർക്ക് ബി.പ ി.എൽ. സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ |
| 28 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | ബി.പി.എൽ. സാക്ഷ്യപത്രം | ബി. പി. എൽ. പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ബ ി.പി.എൽ. സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ |
| 29 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 30 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | വാർദ്ധക്യ കാല പെൻഷൻ - പെൻഷൻ അനുവദിച്ചു / അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 31 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | വിധവാ പെൻഷൻ - പെൻഷൻ അനുവദിച്ചു / അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 32 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | വികലാംഗ പെൻഷൻ - പെൻഷൻ അനുവദിച്ചു / അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 33 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – പെൻഷൻ അനുവദിച്ച / അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 34 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പെൻഷൻ - സാക്ഷ്യപത്രങ്ങൾ | കർഷക തൊഴിലാളി പെൻഷൻ - പെൻഷൻ അനുവദിച്ച / അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 35 | സാക്ഷ്യപത്രങ്ങൾ – മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പദ്ധതികൾ - സാക്ഷ്യപത്രങ്ങൾ | തൊഴിൽ രഹിതവേതനം അനുവദിച്ച / അനുവദിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 36 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പദ്ധതികൾ - സാക്ഷ്യപത്രങ്ങൾ | വിവാഹ ധനസഹായം അനുവദിച്ച/അനുവദിച്ചില്ല എന്ന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 37 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | സാമൂഹ്യ സുരക്ഷാ പദ്ധതികൾ - സാക്ഷ്യപത്രങ്ങൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് ഗുണഭോക്താവാണ് / ഗുണഭോക്താവല്ല എന്ന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 38 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | പൊതുവായ സാക്ഷ്യ പത്രങ്ങൾ | ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 39 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | പൊതുവായ സാക്ഷ്യ പത്രങ്ങൾ | വാസയോഗ്യമായ ഭവനമില്ല എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 40 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | പൊതുവായ സാക്ഷ്യ പത്രങ്ങൾ | വാസയോഗ്യമായ ഭവനമുണ്ട് എന്ന സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 41 | സാക്ഷ്യപത്രങ്ങൾ - മറ്റുള്ളവ | പൊതുവായ സാക്ഷ്യ പത്രങ്ങൾ | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സാക്ഷ്യപത്രങ്ങൾക്കുള്ള അപേക്ഷ |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വാർദ്ധക്യകാല പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വാർദ്ധക്യകാല പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ - പെൻഷൻ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 44 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വാർദ്ധക്യകാല പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ - പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 45 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വാർദ്ധക്യകാല പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ - പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |
| 46 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വാർദ്ധക്യകാല പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ - തടഞ്ഞ് വെച്ചിരിക്കുന്ന പെൻഷൻ പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 47 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വിധവാ പെൻഷൻ | വിധവാ പെൻഷൻ - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 48 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വിധവാ പെൻഷൻ | വിധവാ പെൻഷൻ - പെൻഷൻ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 49 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വിധവാ പെൻഷൻ | വിധവാ പെൻഷൻ - പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വിധവാ പെൻഷൻ | വിധവാ പെൻഷൻ - പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 51 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വിധവാ പെൻഷൻ | വിധവാ പെൻഷൻ - തടഞ്ഞ് വെച്ചിരിക്കുന്ന പെൻഷൻ പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 52 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വികലാംഗ പെൻഷൻ | വികലാംഗ പെൻഷൻ - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 53 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വികലാംഗ പെൻഷൻ | വികലാംഗ പെൻഷൻ - പെൻഷൻ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 54 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വികലാംഗ പെൻഷൻ | വികലാംഗ പെൻഷൻ - പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 55 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വികലാംഗ പെൻഷൻ | വികലാംഗ പെൻഷൻ - പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |
| 56 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | വികലാംഗ പെൻഷൻ | വികലാംഗ പെൻഷൻ - തടഞ്ഞ് വെച്ചിരിക്കുന്ന പെൻഷൻ പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 57 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 58 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – പെൻഷൻ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 59 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ/റിപ്പോർട്ട് |
| 60 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |
| 61 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ – തടഞ്ഞ് വെച്ചിരിക്കുന്ന പെൻഷൻ പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 62 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | കർഷക തൊഴിലാളി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 63 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | കർഷക തൊഴിലാളി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ - പെൻഷൻ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 64 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | കർഷക തൊഴിലാളി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ - പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 65 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | കർഷക തൊഴിലാളി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ - പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 66 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | കർഷക തൊഴിലാളി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ - തടഞ്ഞ് വെച്ചിരിക്കുന്ന പെൻഷൻ പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 67 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി | ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ |
| 68 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | തൊഴിൽ രഹിത വേതനം ലഭിക്കുന്നതിനുള്ള അപേക്ഷ |
| 69 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | തൊഴിൽ രഹിത വേതനം - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 70 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | തൊഴിൽ രഹിത വേതനം മറ്റൊരു തദ്ദേശ സ്വയംഭരണസ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ |
| 71 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | തൊഴിൽ രഹിത വേതനം റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 72 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |
| 73 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | തൊഴിൽ രഹിത വേതനം | തടഞ്ഞ് വെച്ചിരിക്കുന്ന തൊഴിൽ രഹിത വേതനം പുനസ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 74 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് വരെയുള്ള അപേക്ഷ |
| 75 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | വിവാഹം കഴിഞ്ഞ്ഒരു വർഷത്തിനുള്ളിലുള്ള അപേക്ഷ |
| 76 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | വിവാഹത്തിന് ശേഷം ഒരു വർഷത്തിന് ശേഷവും മൂന്നു വർഷത്തിനുള്ളിലുമുള്ള അപേക്ഷ |
| 77 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 78 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 79 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ |
| 80 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് - ഗുണഭോക്തൃ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള അപേക്ഷ |
| 81 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് - കുടിശ്ശിക ലഭിക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 82 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് | ആശാൻ ഗ്രാൻറ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 83 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | പുതിയ ലൈസൻസിനുള്ള അപേക്ഷ - കേരള സംസ്ഥാന മ ലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ആവശ്യമുള്ളവ |
| 84 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | പുതിയ ലൈസൻസിനുള്ള അപേക്ഷ - കേരള സംസ്ഥാന മ ലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ആവശ്യമില്ലാത്തവ |
| 85 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | പുതിയ ലൈസൻസിനുള്ള അപേക്ഷ - എക്സ്പ്ലോസീവ് അനുമതി ആവശ്യമുള്ളവ |
| 86 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ |
| 87 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | പൂർണകാലത്തേക്കല്ലാതെയും മറ്റും പുതുക്കിയ ലൈസൻസിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ |
| 88 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചത് അറിയിക്കൽ |
| 89 | ലൈസൻസുകളും അനുമതികളും | ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ - ലൈസൻസ് | ഫീസ് ഘടനയെ സംബന്ധിച്ച് ഉള്ള പരാതികൾ / നിവേദനങ്ങൾ |
| 90 | ലൈസൻസുകളും അനുമതികളും | ഫാക്റ്ററികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | ഫാക്റ്ററികൾ / യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ |
| 91 | ലൈസൻസുകളും അനുമതികളും | ഫാക്റ്ററികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | 5 കുതിര ശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസര മലിനീകരണങ്ങളുണ്ടാക്കാത്തതെന്ന് വ്യവസായ വകുപ്പ് / കെ.പി.എസ്.സി.ബി സാക്ഷ്യപ്പെടുത്തിയ വ്യവസായ യൂണിറ്റിന്റെ രജിസ്ട്രേഷൻ |
| 92 | ലൈസൻസുകളും അനുമതികളും | ഫാക്റ്ററികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | അനുമതി ലഭിച്ച ഫാക്ടറി / യന്ത്ര സാമഗ്രിയോട് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനുള്ള അപേക്ഷ |
| 93 | ലൈസൻസുകളും അനുമതികളും | ഫാക്റ്ററികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | അനുമതി ലഭിച്ച ഫാക്ടറി / യന്ത്ര സാമഗ്രിയിൽ വരുത്തുന്നതിനുള്ള അപേക്ഷ |
| 94 | ലൈസൻസുകളും അനുമതികളും | ഫാക്റ്ററികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | വ്യവസായ എസ്റ്റേറ്റ് / വികസന പ്രദേശം / സ്ഥലം / വളർച്ചാ കേന്ദ്രം / കയറ്റുമതി സംസ്കരണ മേഖല അല്ലെങ്കിൽ വ്യവസായ പാർക്കിലെ വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷനും ഫീസ് ഒടുക്കലിനുമുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 95 | ലൈസൻസുകളും അനുമതികളും | ഫാക്ടറികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | വ്യവസായ എസ്റ്റേറ്റ് / വികസന പ്രദേശം / വളർച്ചാ കേന്ദ്രം / കയറ്റുമതി സംസ്കരണ മേഖല അല്ലെങ്കിൽ വ്യവസായ പാർക്കിലെ വ്യവസായ യൂണിറ്റുകളുടെ വിപുലീകരണവും / ചുരുക്കലും, ഫീസ് ഒടുക്കലിനുമുള്ള അപേക്ഷ |
| 96 | ലൈസൻസുകളും അനുമതികളും | ഫാക്ടറികളും യന്ത്ര സാമഗ്രികളും സ്ഥാപിക്കൽ | 5 കുതിര ശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസര മലിനീകരണങ്ങളുണ്ടാക്കാത്തതെന്ന് വ്യവസായ വകുപ്പ്/മലിനീകരണ നിയന്ത്രണ ബോർഡ് സാക്ഷ്യപ്പെടുത്തിയ വ്യവസായ യൂണിറ്റിന്റെ കുറയ്ക്കൽ/ വിപുലീകരണവും ഫീസ് ഒടുക്കലിനുമുള്ള അപേക്ഷ |
| 97 | ലൈസൻസുകളും അനുമതികളും | കന്നുകാലി ഫാമുകൾ | കന്നുകാലി ഫാം സ്ഥാപിക്കുന്നതിനുള്ള അപേക്ഷ |
| 98 | ലൈസൻസുകളും അനുമതികളും | കന്നുകാലി ഫാമുകൾ | കന്നുകാലി ഫാം  ലൈസൻസിനുള്ള അപേക്ഷ |
| 99 | ലൈസൻസുകളും അനുമതികളും | കന്നുകാലി ഫാമുകൾ | കന്നുകാലി ഫാം  ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ |
| 100 | ലൈസൻസുകളും അനുമതികളും | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | രജിസ്ട്രേഷനുള്ള അപേക്ഷ |
| 101 | ലൈസൻസുകളും അനുമതികളും | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | രജിസ്ട്രേഷൻ പുതുക്കൽ |
| 102 | ലൈസൻസുകളും അനുമതികളും | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | രജിസ്ട്രേഷൻ രേഖകളിലെ തിരുത്തലിനുള്ള അപേക്ഷ |
| 103 | ലൈസൻസുകളും അനുമതികളും | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | രജിസ്ട്രേഷൻ റദ്ദാക്കൽ (അപേക്ഷ പ്രകാരം) |
| 104 | ലൈസൻസുകളും അനുമതികളും | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | രജിസ്ട്രേഷന്റെ തനിപ്പകർപ്പ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ |
| 105 | ലൈസൻസുകളും അനുമതികളും | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ |
| 106 | ലൈസൻസുകളും അനുമതികളും | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | ട്യൂട്ടോറിയൽ സ്ഥാപനത്തിൻറെ രജിസ്ട്രേഷൻപുതുക്കുന്നതിനുള്ള അപേക്ഷ |
| 107 | ലൈസൻസുകളും അനുമതികളും | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | ട്യൂട്ടോറിയൽ സ്ഥാപനത്തിൻറെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 108 | ലൈസൻസുകളും അനുമതികളും | ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ | സ്വകാര്യ ശ്മശാനം (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) സ്ഥാപിക്കൽ / വിപുലീകരിക്കൽ എന്നിവയ്ക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ |
| 109 | ലൈസൻസുകളും അനുമതികളും | മാർക്കറ്റുകൾ | സ്വകാര്യ മാർക്കറ്റ് ലൈസൻസ് അപേക്ഷ |
| 110 | ലൈസൻസുകളും അനുമതികളും | ഇറച്ചിക്കടകൾ | ഇറച്ചി കടകൾ അനുമതിക്കുള്ള അപേക്ഷ |
| 111 | ലൈസൻസുകളും അനുമതികളും | കശാപ്പുശാലകൾ | സ്വകാര്യ കശാപ്പുശാല- ലൈസൻസ് അപേക്ഷ |
| 112 | ലൈസൻസുകളും അനുമതികളും | കശാപ്പുശാലകൾ | കശാപ്പുകാർക്ക് ലൈസൻസിനുള്ള അപേക്ഷ |
| 113 | ലൈസൻസുകളും അനുമതികളും | പന്നികൾ ,പട്ടികൾ - ലൈസൻസ് | ലൈസൻസിനുള്ള അപേക്ഷ |
| 114 | ലൈസൻസുകളും അനുമതികളും | പി.പി.ആർ ലൈസൻസ് | പി പി ആർ വാർഷിക ലൈസൻസിനുള്ള അപേക്ഷ |
| 115 | ലൈസൻസുകളും അനുമതികളും | പി.പി.ആർ ലൈസൻസ് | പി പി ആർ താൽക്കാലിക ലൈസൻസിനുള്ള അപേക്ഷ |
| 116 | ലൈസൻസുകളും അനുമതികളും | പി.പി.ആർ ലൈസൻസ് | പി പി ആര് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ |
| 117 | ലൈസൻസുകളും അനുമതികളും | സിനിമാ പ്രദർശനം | സിനിമ ലൈസൻസിനുള്ള അപേക്ഷ |
| 118 | ലൈസൻസുകളും അനുമതികളും | സിനിമാ പ്രദർശനം | സിനിമ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ |
| 119 | ലൈസൻസുകളും അനുമതികളും | സിനിമാ പ്രദർശനം | നിർമ്മാണത്തിന് / പുനർനിർമ്മാണത്തിന് / കൂട്ടിച്ചേർക്കലിന് / മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ |
| 120 | ലൈസൻസുകളും അനുമതികളും | സിനിമാ പ്രദർശനം | പ്രവേശന നിരക്ക് പുനർനിശ്ചയിക്കുന്നതിനുള്ള അപേക്ഷ |
| 121 | ലൈസൻസുകളും അനുമതികളും | ലോഡ്ജിംഗ് ഹൌസുകൾ | രജിസ്ട്രേഷനുള്ള്ള അപേക്ഷ - മലബാര്പ്രദേശം |
| 122 | ലൈസൻസുകളും അനുമതികളും | ലോഡ്ജിംഗ് ഹൌസുകൾ | രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ - മലബാർ പ്രദേശം |
| 123 | ലൈസൻസുകളും അനുമതികളും | ലോഡ്ജിംഗ് ഹൌസുകൾ | രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ - മലബാർ പ്രദേശം |
| 124 | ലൈസൻസുകളും അനുമതികളും | വാഹന സ്റ്റാൻഡുകൾ ഇറക്കുസ്ഥലങ്ങൾ വിരാമസ്ഥലങ്ങൾ | സ്വകാര്യ വണ്ടിത്താവളങ്ങൾ - ലൈസൻസ് അപേക്ഷ |
| 125 | ലൈസൻസുകളും അനുമതികളും | വാഹന സ്റ്റാൻഡുകൾ ഇറക്കുസ്ഥലങ്ങൾ വിരാമസ്ഥലങ്ങൾ | സ്വകാര്യ വണ്ടിത്താവളങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 126 | കെട്ടിടങ്ങൾ | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം / കൈവശാവകാശം | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശംമാറ്റം വരുത്തുന്നതിനുള്ള അപേക്ഷ |
| 127 | കെട്ടിടങ്ങൾ | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം / കൈവശാവകാശം | കെട്ടിടങ്ങളുടെ കൈവശാവകാശം / താമസാവകാശം മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ |
| 128 | കെട്ടിടങ്ങൾ | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം / കൈവശാവകാശം | അസസ്സ്മെൻറ് രജിസ്റ്ററിൽ കെട്ടിട ഉടമയുടെ വിലാസത്തിൽ / മറ്റ് വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ |
| 129 | കെട്ടിടങ്ങൾ | കെട്ടിട നിർമാണം | കാറ്റഗറി 2 പഞ്ചായത്തുകളിലെ പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം - സാക്ഷ്യപത്രത്തിനുള്ള അപേക്ഷ |
| 130 | കെട്ടിടങ്ങൾ | കെട്ടിട നിർമാണം | കാറ്റഗറി 2 പഞ്ചായത്തുകളിലെ 100 ചതുരശ്ര മീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള ഏക കുടുംബ വാസഗൃഹങ്ങളുടെ പൂർത്തീകരണ റിപ്പോർട്ട് |
| 131 | കെട്ടിടങ്ങൾ | കെട്ടിട നിർമാണം | കല്പിത അനുമതി / ഒക്യുപൻസി സംബന്ധിച്ച അറിയിപ്പ് |
| 132 | കെട്ടിടങ്ങൾ | കെട്ടിട നിർമാണം | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായ അറിയിപ്പ് ( ചട്ടം 17(5) ഡി പ്രകാരം ) |
| 133 | പരാതികൾ | കെട്ടിടങ്ങൾ - പരാതികൾ | അനധികൃത കെട്ടിട നിർമാണങ്ങളെ സംബന്ധിച്ച പരാതി / അറിയിപ്പ് |
| 134 | പരാതികൾ | കെട്ടിടങ്ങൾ - പരാതികൾ | വാർത്താവിനിമയ ഗോപുരങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങൾ/പരാതികൾ |
| 135 | പരാതികൾ | കെട്ടിടങ്ങൾ - പരാതികൾ | വസ്തുനികുതി നിർണ്ണയ നടപടികളിന്മേലുള്ള പരാതി |
| 136 | പരാതികൾ | അപകടകരമായ വൃക്ഷങ്ങൾ- പരാതികൾ | പൊതു സ്ഥലത്തെ അപകടകരമായ വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ /പരാതി |
| 137 | പരാതികൾ | അപകടകരമായ വൃക്ഷങ്ങൾ- പരാതികൾ | സ്വകാര്യ സ്ഥലത്തെ അപകടകരമായ വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ / പരാതി |
| 138 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | ചവറോ മാലിന്യമോ പൊതുസ്ഥലത്ത് നിക്ഷേപിക്കൽ |
| 139 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | പൊതു തെരുവുകളിൽ മാലിന്യ നിക്ഷേപം കൊണ്ടു ശല്യമുണ്ടാക്കൽ |
| 140 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | ജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കൽ / വലിച്ചെറിയൽ |
| 141 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കൽ |
| 142 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | മാലിന്യങ്ങൾ ബഹിർഗമിക്കാൻ അനുവദിക്കൽ |
| 143 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | മൂടിയില്ലാത്ത വാഹനത്തിൽ മാലിന്യം നീക്കം ചെയ്യൽ |

| | | | |
|---|---|---|---|
| 144 | പരാതികൾ | മാലിന്യ പരിപാലനം - പരാതികൾ | നിരോധിച്ച പ്ലാസ്റ്റിക്ക്, ഫ്ലെക്സ് ഉൾപ്പെടെയുള്ള മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം /കടത്തൽ /വിൽപ്പന / സംഭരണം |
| 145 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | ഫാക്ടറികൾ /വ്യാപാരങ്ങൾ/സംരംഭക പ്രവർത്തനങ്ങൾ /മറ്റ് സേവനങ്ങൾ - ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച പരാതി |
| 146 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | ഫാക്ടറികൾ /വ്യാപാരങ്ങൾ/സംരംഭക പ്രവർത്തനങ്ങൾ /മറ്റ് സേവനങ്ങൾ - ലൈസൻസ് വ്യവസ്ഥാ ലംഘനം സംബന്ധിച്ച പരാതികൾ |
| 147 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 148 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | പന്നികൾ ,പട്ടികൾ ലൈസൻസ് - വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 149 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | കശാപ്പുശാലകൾ - വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 150 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | ഇറച്ചിക്കടകൾ - ലൈസൻസ് വ്യവസ്ഥാ ലംഘനം സംബന്ധിച്ച പരാതികൾ |
| 151 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | പി പി ആര് ലൈസൻസ് വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 152 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ - വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 153 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 154 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | വാഹന സ്റ്റാൻഡുകൾ ഇറക്കുസ്ഥലങ്ങൾ വിരാമസ്ഥലങ്ങൾ - ലൈസൻസ് വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ |
| 155 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | സ്വകാര്യ മാർക്കറ്റുകൾ - ലൈസൻസ് വ്യവസ്ഥാ ലംഘനം സംബന്ധിച്ച പരാതികൾ |
| 156 | പരാതികൾ | ലൈസൻസ് & രജിസ്ട്രേഷൻ - പരാതികൾ | അന്തി ചന്തകൾ - ലൈസൻസ് വ്യവസ്ഥാ ലംഘനം സംബന്ധിച്ച പരാതികൾ |
| 157 | പരാതികൾ | തെരുവ് വിളക്കുകൾ - പരാതി | തെരുവ് വിളക്കുകൾ സംബന്ധമായ പരാതികൾ |
| 158 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്ത് വക കെട്ടിടങ്ങളിലെ കയ്യേറ്റം |
| 159 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്തിന്റെ സാമൂഹിക ആസ്തികളിലെ കയ്യേറ്റം |
| 160 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റം |
| 161 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്ത് വക നടപ്പാതകളിലെ കയ്യേറ്റം |
| 162 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്ത് റോഡുകളിലെ കയ്യേറ്റം |
| 163 | പരാതികൾ | പഞ്ചായത്ത് ആസ്തി കയ്യേറ്റം - പരാതികൾ | പഞ്ചായത്തിന്റെ അധീനതയിലുള്ള അരുവികൾ / നദികൾ / മറ്റ് ജലാശയങ്ങളിലെ കയ്യേറ്റം |

| | | | |
|---|---|---|---|
| 164 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | വാർദ്ധക്യകാല പെൻഷൻ സംബന്ധമായ പരാതികൾ |
| 165 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | വിധവാ പെൻഷൻ സംബന്ധമായ പരാതികൾ |
| 166 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | വികലാംഗ പെൻഷൻ സംബന്ധമായ പരാതികൾ |
| 167 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ സംബന്ധമായ പരാതികൾ |
| 168 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | കർഷക തൊഴിലാളി പെൻഷൻ സംബന്ധമായ  പരാതികൾ |
| 169 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | തൊഴിൽ രഹിത വേതനം സംബന്ധമായ പരാതികൾ |
| 170 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം സംബന്ധമായ പരാതികൾ |
| 171 | പരാതികൾ | സാമൂഹ്യ സുരക്ഷാ പെൻഷൻ - പരാതികൾ | നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് സംബന്ധമായ പരാതികൾ |
| 172 | പരാതികൾ | അനധികൃത ബോർഡ് /ഹോർഡിങ് - പരാതികൾ | അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകളും ഫ്ലക്സുകളും ഹോർഡിംഗുകളും സംബന്ധിച്ച പരാതി |
| 173 | പരാതികൾ | പരാതി പരിഹാര അദാലത്ത് | അദാലത്തിലേക്കുള്ള ഹർജികൾ |
| 174 | അപ്പീലുകൾ | വസ്തു നികുതി - അപ്പീലുകൾ | വസ്തുനികുതി നിർണ്ണയത്തിന്മേൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മുൻപാകെയുള്ള അപ്പീൽ |
| 175 | അപ്പീലുകൾ | കെട്ടിട നിർമ്മാണം - അപ്പീലുകൾ | കെട്ടിട നിർമ്മാണാനുമതി അപേക്ഷ തീർപ്പാക്കുന്നതിലെ കാലതാമസത്തെപ്പറ്റി ഗ്രാമ പഞ്ചായത്ത് മുമ്പാകെയുള്ള അപ്പീൽ /ഹർജി |
| 176 | അപ്പീലുകൾ | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ -അപ്പീലുകൾ | കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം മാറ്റി നൽകി / മാറ്റി നൽകാതെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിൻമേലുള്ള അപ്പീൽ |
| 177 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | കന്നുകാലി ഫാം ലൈസൻസ് - തീരുമാനത്തിനെതിരെയുള്ള അപ്പീൽ |
| 178 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും - അപേക്ഷ നിരസിച്ചതിനെതിരെയുള്ള അപ്പീൽ |
| 179 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും - രജിസ്ട്രേഷൻ റദ്ദാക്കിയതിനെതിരായ അപ്പീൽ |
| 180 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - അപേക്ഷ നിരസിച്ചതിനെതിരായ അപ്പീൽ |

| | | | |
|---|---|---|---|
| 181 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ റദ്ദു ചെയ്തതിനെതിരായ അപ്പീൽ |
| 182 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | പി പി ആര് ലൈസൻസ് റദ്ദാക്കിയതിനെതിരെ ഉള്ള അപ്പീൽ |
| 183 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | സിനിമ ലൈസൻസ് അപ്പീൽ |
| 184 | അപ്പീലുകൾ | ലൈസൻസുകൾ & രജിസ്ട്രേഷനുകൾ - അപ്പീലുകൾ | ലോഡ്ജിങ് ഹൗസുകൾ - രജിസ്ട്രേഷൻ പുതുക്കൽ-തദ്ദേശസ്ഥാപനത്തിലേക്കുള്ള അപ്പീല് - മലബാർ പ്രദേശം |
| 185 | അപ്പീലുകൾ | തൊഴിൽ നികുതി - അപ്പീലുകൾ | തൊഴിൽ നികുതി നിശ്ചയിച്ചതിനെതിരെയുള്ള അപ്പീൽ |
| 186 | അപ്പീലുകൾ | മറ്റുള്ള അപ്പീലുകൾ | പ്രസിഡണ്ടോ സെക്രട്ടറിയോ നൽകിയ നോട്ടീസിനോ പാസാക്കിയ ഉത്തരവിനോ എടുത്ത നടപടിക്കോ എതിരെ ഗ്രാമ പഞ്ചായത്ത് മുമ്പാകെ നൽകുന്ന അപ്പീൽ |
| 187 | നികുതികൾ | വസ്തു നികുതി | കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുന്നതിന് ഫാറം 2 ലുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ വസ്തു നികുതി റിട്ടേൺ |
| 188 | നികുതികൾ | വസ്തു നികുതി | ദാരിദ്ര്യ രേഖക്ക താഴെയുള്ളവരുടെ 30 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ വസ്തു നികുതി റിട്ടേൺ (ഫാറം 2 എ) |
| 189 | നികുതികൾ | വസ്തു നികുതി | പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്ത കെട്ടിടങ്ങളെ സംബന്ധിച്ച അറിയിപ്പ് |
| 190 | നികുതികൾ | വസ്തു നികുതി | നിയമാനുസൃത കെട്ടിടത്തിൻറെ അസസ്സ്മെൻറ് രജിസ്റ്ററിൻറെ പകർപ്പിനുള്ള അപേക്ഷ |
| 191 | നികുതികൾ | വസ്തു നികുതി | ഡിമാൻറ് രജിസ്റ്ററിൻറെ പകർപ്പിനുള്ള അപേക്ഷ |
| 192 | നികുതികൾ | വസ്തു നികുതി | കെട്ടിടത്തിൻറെ ഘടനയിലോ ഉപയോഗക്രമത്തിലോ ഉള്ള മാറ്റം കാരണം വസ്തു നികുതി പുന:നിർണ്ണയിക്കുന്നതിനുള്ള അപേക്ഷ |
| 193 | നികുതികൾ | വസ്തു നികുതി ഇളവുകൾ | 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വാസഗൃഹത്തിൻറെ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 194 | നികുതികൾ | വസ്തു നികുതി ഇളവുകൾ | വിമുക്ത ഭടൻ/വിമുക്ത ഭടൻറെ ഭാര്യ / വിധവ എന്നിവരുടെ കെട്ടിടത്തിന് നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 195 | നികുതികൾ | വസ്തു നികുതി ഇളവുകൾ | വിമുക്തഭടന്മാരുടെ കെട്ടിടത്തിനുള്ള നികുതി ഒഴിവാക്കല് കാലാവധി പുതുക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| 196 | നികുതികൾ | വസ്തു നികുതി ഇളവുകൾ | ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് വസ്തു നികുതി ഇളവ് ലഭിക്കുന്നതിനുള്ള അപേക്ഷ |
| 197 | നികുതികൾ | തൊഴിൽ നികുതി | തൊഴിൽ നികുതി റിട്ടേൺ ഫയൽ ചെയ്യൽ |
| 198 | നികുതികൾ | തൊഴിൽ നികുതി | തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 199 | നികുതികൾ | വിനോദ നികുതി | നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 200 | വിവരാവകാശ നിയമം | അറിയാനുള്ള അവകാശം | വിവരത്തിനു വേണ്ടിയുള്ള അപേക്ഷ |
| 201 | നിയമ സഹായം | ജാഗ്രതാ സമിതി | ജാഗ്രതാ സമിതിയ്ക്കുള്ള പരാതികളും അപേക്ഷകളും |
| 202 | നിയമ സഹായം | ജാഗ്രതാ സമിതി | നിയമ സഹായത്തിനുള്ള അപേക്ഷ |
| 203 | പൊതു സുരക്ഷ | സ്ഥലത്തോ കെട്ടിടത്തിലോ ഉള്ള ശല്യം ഒഴിവാക്കൽ | വിഷമുള്ള ജീവികൾ കൊണ്ടുള്ള ശല്യം ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 204 | പൊതു സുരക്ഷ | സ്ഥലത്തോ കെട്ടിടത്തിലോ ഉള്ള ശല്യം ഒഴിവാക്കൽ | വന്യ വിഷചെടികൾ മൂലമുള്ള ശല്യം ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 205 | പൊതു സുരക്ഷ | സ്ഥലത്തോ കെട്ടിടത്തിലോ ഉള്ള ശല്യം ഒഴിവാക്കൽ | ചെളി, ചാലുകൾ, വെള്ളക്കെട്ട് മൂലമുള്ള ശല്യം ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 206 | പൊതു സുരക്ഷ | സ്ഥലത്തോ കെട്ടിടത്തിലോ ഉള്ള ശല്യം ഒഴിവാക്കൽ | മലിനമായ സാഹചര്യങ്ങൾ മൂലമുള്ള ശല്യം ഒഴിവാക്കുന്നതിനുള്ള അപേക്ഷ |
| 207 | പൊതു സൗകര്യങ്ങൾ | പൊതു ശ്മശാനം | ശവം ദഹിപ്പിക്കുന്നതിന്/ മറവ് ചെയ്യുന്നതിന് ഉള്ള അപേക്ഷ |
| 208 | വികേന്ദ്രീകൃത ആസൂത്രണം | പദ്ധതി രൂപീകരണം | പൊതുജനങ്ങളിൽ നിന്നുള്ള പദ്ധതി നിർദ്ദേശങ്ങൾ |
| 209 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | ജോബ്കാർഡിനുള്ള അപേക്ഷ |
| 210 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | തൊഴിലിനുള്ള ഡിമാൻറ് |
| 211 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള അപേക്ഷ |
| 212 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | തൊഴിലിൻറെ ഭാഗമായി മരണമോ സ്ഥിരമായ അംഗവൈകല്യമോ സംഭവിച്ചതിന് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിനുള്ള അപേക്ഷ |
| 213 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച പരാതി / റിപ്പോർട്ട് |